# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 01/11/ 2019

## നിസ്സഹായാവസ്ഥയിലും സത്യസന്ധതയുടെ ആൾരൂപമായി ഓട്ടോ ഡ്രൈവർ – കേരളപിറവി ദിനത്തിന് പുതിയ മാനം

കൊല്ലം : കൊല്ലം കളക്ടറേറ്റിന് മുന്നിൽ നിന്നും ബിഷപ്പ് ജെറോം നഗർ വരെയുള്ള യാത്രയിൽ യാത്രക്കാരൻ മറന്നു വച്ച ബാഗും 50,000/- രൂപയും ഉടമസ്ഥനെ കണ്ടെത്തി തിരികെ നൽകി കൊല്ലം ഉമയനല്ലൂർ പ്രമീളാലയത്തിൽ സുരേഷ് (KL.02.AK.9572) മാതൃകയായി. ജില്ലാ ട്രഷറിയിൽ നിന്നും പെൻഷൻ വാങ്ങിവന്ന വയോധികനെ കൊല്ലം ബിഷപ്പ് ജെറോം നഗറിന് മുൻവശം ഇറക്കി അൽപസമയത്തിനു ശേഷമാണ് വണ്ടിയിൽ മറന്നുവച്ച ബാഗ് സുരേഷിന്റെ ശ്രദ്ധയിൽപ്പെട്ടത്. തിരികെ ജെറോം നഗറിലെത്തി ആളെ അന്വേഷിച്ചെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. തുടർന്ന് ബാഗ് തുറന്ന് പരിശോധിച്ചപ്പോൾ 50000 രൂപയും ബാങ്ക് പാസ്ബുക്കും ശ്രദ്ധയിൽപ്പെട്ടു.



സത്യസന്ധതയ്ക്കുള്ള സിറ്റി പോലീസ് മേധാവിയുടെ അഭിനന്ദന പത്രം.

പാസ് ബുക്കിലെ അഡ്രസ്സ് പരിശോധിച്ച് ഉടമയുടെ വീട് കണ്ടെത്തി പണം കൈമാറുകയായിരുന്നു.കല്ലുംതാഴം പാൽക്കുളങ്ങര അമ്പലത്തിന് സമീപം താമസിക്കുന്ന റിട്ടയേർഡ് എസ്.പി ഹരിദാസിന്റേതായിരുന്നു പണം എന്ന് വീട്ടിലെത്തിയപ്പോളാണ് അറിയുന്നത്.വിവരം അറിഞ്ഞ് കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ പി.കെ മധു ഐ.പി.എസ് സുരേഷിനെ തന്റെ ഓഫീസിലേക്ക് വിളിച്ച് അനുമോദനപത്രം നൽകി ആദരിച്ചു.54 വയസ്സുള്ള സുരേഷിന്റെ ഒരു വൃക്ക ക്യാൻസർ രോഗബാധയെത്തുടർന്ന് നീക്കം ചെയ്തിട്ടുള്ളതാണ്.കശുവണ്ടി ഫാക്ടറി തൊഴിലാളിയായ പ്രമീളയാണ് ഭാര്യ.മകൻ അരുൺ സാരഥി മോട്ടോഴ്സ് തൊഴിലാളിയും മകൾ ആര്യ പ്ലസ് ടു വിദ്യാർത്ഥിയുമാണ്.സുരേഷിന്റെ ഈ പ്രവർത്തി അനുകരണീയമാണെന്നും ഇത് മറ്റുള്ളവർക്കും മാതൃകയാകട്ടെ എന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണർ അഭിപ്രായപ്പെട്ടു.